## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 969** **05/02/2020-ലെ മറുപടി**

## കടിവെള്ളത്തിന്റെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന കുപ്പിവെള്ളം ഉൾപ്പെടെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ജല അതോറിറ്റി വിവിധ കുടിവെള്ള പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ചു ഉറപ്പുവരുത്തുന്നതിന് ജല അതോറിറ്റിക്ക് പ്രത്യേക ഗുണനിലവാര പരിശോധനാ വിഭാഗം നിലവിലുണ്ട്. വാട്ടർ അതോറിറ്റി സ്കീമുകളിൽ നിന്നും കൃത്യമായ ഇടവേളകളിൽ പരിശോധന വിഭാഗം ഉദ്യോഗസ്ഥർ സംഭരിക്കുന്ന സാമ്പിളുകൾ ജല അതോറിറ്റിയുടെ തന്നെ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുകയും തുടർ നടപടികൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ആയതു സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ കുപ്പിവെള്ളമുൾപ്പെടെ മറ്റ് ഏജൻസികൾ വിൽക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്ന ചുമതല നിലവിൽ ജല അതോറിറ്റിയിൽ നിക്ഷിപ്തമല്ല. |
| ബി) | സംസ്ഥാനത്ത് ജലദൗർലഭ്യം രൂക്ഷമായ സാഹചര്യത്തിലും, ജലചൂഷണവും അനധികൃത കുടിവെള്ള വിതരണം വർദ്ധിക്കുകയും ചെയ്യുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | ജല മോഷണം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ജല മോഷണ തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ചു രാത്രികാലങ്ങളിലുൾപ്പെടെ പരിശോധന നടത്തുകയും മീറ്റർ ചെയ്യപ്പെടാതെ പോകുന്ന അനധികൃത കണക്ഷനുകൾ കണ്ടെത്തുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| സി) | ശുദ്ധജലം എന്ന പേരിൽ ആവശ്യമായ ശുദ്ധീകരണം പോലും നടത്താതെ മലിനജലം ഉൾപ്പെടെ വിതരണം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കുമോ; വിശദമാക്കാമോ? | സി) | എറണാകുളം ജില്ലയിൽ പാറമടകളിലെ മലിനജലം ആവശ്യമായ ശുദ്ധീകരണം പോലും നടത്താതെ ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്നത് സംബന്ധിച്ച ശ്രീ ആർ. രാമചന്ദ്രൻ എം.എൽ.എ. സമർപ്പിച്ച ഹർജിയിൽ ഹർജികൾ സംബന്ധിച്ച സമിതി തെളിവെടുപ്പ് യോഗം ചേർന്ന് എറണാകുളം ജില്ലയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ആഭ്യന്തരം, തദ്ദേശസ്വയംഭരണം, റവന്യൂ, ഗതാഗതം, ജലവിഭവം, ആരോഗ്യം, ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച "ഓപ്പറേഷൻ പ്യുവർ വാട്ടർ" എന്ന കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഉപഭോക്താക്കൾക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റി വഴി വിതരണം ചെയ്യണമെന്നും ജല അതോറിറ്റിയുടെ ഹൈഡ്രന്റുകളിൽ നിന്നു മാത്രമേ കുടിവെള്ളവിതരണത്തിനുള്ള ജലം ശേഖരിക്കാവൂ എന്നും നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത കർമ്മ പദ്ധതി നടപ്പിലാകുന്നതുമായി ബന്ധപെട്ട പുതിയ വാട്ടർ ഫില്ലിംഗ് സ്റ്റേഷനുകൾ നടപ്പിലാക്കുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികളും, ക്യാമറ, വാട്ടർ മീറ്റർ എന്നിവ ഘടിപ്പിക്കുന്നതിനും 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ